മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസു വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ റോഡിന്റെ സംരക്ഷണം നടത്തുന്നതു് കടൽ മാണിക്യം ദേവസ്വം ഫണ്ടിൽനിന്നല്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: അല്ല. സ്റ്റേറ്റ് ദേവസ്വം ഫണ്ടിൽനിന്നാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്നു മുതല്ക്കാണു് ഇങ്ങിനെ ചെയ്യുന്നതു്?

മിസ്റ്റർ കെ. അയ്യപ്പൻ: വളരെ മുമ്പു മുതല്ക്കുതന്നെ ചെയ്യുന്നുണ്ടെന്നു തോന്നുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ റോഡുണ്ടാക്കിയതു പൊതുഭണ്ഡാരത്തിൽ നിന്നു പണം ചിലവുചെയ്തല്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസു വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ റോഡു ആരുടെ കാലത്താണു ദേവസ്വംവക യാക്കിയതു്?

മിസ്റ്റർ കെ. അയ്യപ്പൻ: ദിവാൻ മിസ്റ്റർ ടി. എസ്സ്. നാരായണയ്യരുടെ കാലത്താണെന്നാണു് എന്റെ ഓർമ്മ.

VILLAGE COURT JUDGES—APPOINTMENT OF—COMPLAINTS REGARDING

51. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നു സദയം മറുപടി പറയുമോ.—

(എ) വില്ലേജ്കോടതി ജഡ്ജിമാരുടെ നിയമനങ്ങളിൽ സാമുദായിക പ്രാതിനിധ്യ തത്വം സ്വീകരിക്കാതിരുന്നതിനെക്കുറിച്ചുള്ള ആക്ഷേപം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ന്യൂനപക്ഷസമുദായങ്ങളുടെ പ്രാതിനിധ്യമില്ലായ്മയെ പരിഹരിക്കുന്നതിനു തക്ക നടപടികൾ എടുക്കുവാൻ ഗവണ്മെണ്ടിനു് ഉദ്ദേശമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അങ്ങിനെ ചില ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്.

(ബി) വിവിധവിഭാഗങ്ങൾക്കും പ്രാതിനിധ്യം നൽകാൻ കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ടു്. നിയമനങ്ങൾ കഴിഞ്ഞുപോയതിനാൽ ഇനിയും വ്യത്യാസങ്ങൾ ഇപ്പോൾ വരുത്താൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ഓരോ സമുദായങ്ങളിൽ നിന്നും എത്ര ജഡ്ജിമാരെ നിയമിച്ചിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസു കൂടാതെ പറയാൻ സാധ്യമല്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ ചോദ്യത്തിന്റെ ഉദ്ദേശം എന്താണെന്നു മനസ്സിലാക്കിട്ടാണോ, ഗവണ്മെണ്ടു മറുപടി പറഞ്ഞതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ. ഇതിന്റെ ഉത്തരം തയ്യാറാക്കിയ അവസരത്തിൽ ഇതിനൊരു പട്ടിക വേണ്ടിവരുമെന്നു വിചാരമുണ്ടായിരുന്നില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ഓരോ സമുദായത്തിനും എത്ര പ്രാതിനിധ്യം കൊടുത്തിട്ടുണ്ടെന്നു ചോദിക്കുമെന്നുള്ള വിചാരം ഗവണ്മെണ്ടിനുണ്ടായില്ലായെന്നാണോ വിചാരിക്കേണ്ടതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതൊരു പ്രത്യേക ചോദ്യമായി ചോദിക്കേണ്ടതാണു്.

മിസ്റ്റർ കെ. കെ. കണ്ണൻ: സപ്ലിമെന്ററി കപ്സ്റ്റ്യൻ എങ്കിലും, ഇതിനെ സംബന്ധിച്ചുണ്ടാകും എന്നു വിചാരിക്കാമായിരുന്നില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ വിധത്തിലുള്ള സപ്ലിമെന്ററി കപ്സ്റ്റ്യൻ ഉണ്ടാകുമെന്നു വിചാരിച്ചില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ജഡ്ജിമാരെ നോമിനേറ്റ ചെയ്യുന്നതു് സാമുദായികാടിസ്ഥാനത്തിന്മേലാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതാതു വില്ലേജുകളിലെ പ്രമാണികളും, വില്ലേജ് കോർട്ട് രജിസ്ട്രാർ വഴി ചില റക്കമെന്റേഷനയക്കും. അതു ഗവണ്മെണ്ടു പരിശോധിച്ചു് തീരുമാനിച്ചു ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. കണ്ണൻ: അധഃകൃതരെ സംബന്ധിച്ചിടത്തോളം ഈ നിയമങ്ങളുടെ സ്വഭാവം നോക്കുന്നപക്ഷം അതു ശരിയല്ലെന്നു ഗവണ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അവക്കു കൊടുത്തിട്ടുള്ള പ്രാതിനിദ്ധ്യം മതിയായിട്ടില്ലെന്നു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കുറെ അധഃകൃതരെ ജഡ്ജിമാരായി നിയമിക്കണമെന്നു വിചാരിച്ചു. ഫ്രഫ ചിങ്ങം മുതല്ക്കാണു പുതിയ ജഡ്ജിമാരെ നിയമിച്ചതു്. ഗവണ്മെണ്ടു കുറെ ആളുകളുടെ ലിസ്റ്റുണ്ടാക്കി അതുപ്രകാരമാണു നിയമനം നടത്തിയതു്. ചില സമുദായക്കാർക്കു പ്രാതിനിദ്ധ്യം പോരായെന്നു് ഗവണ്മെണ്ടിനു തോന്നിയതുകൊണ്ടു് അങ്ങിനെയുള്ള സമുദായത്തിൽപ്പെട്ട കുറെ ആളുകളുടെ ലിസ്റ്റയക്കാൻ, ആവശ്യപ്പെട്ടിരിക്കുന്നു. അധഃകൃതരെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പറോടു തന്നെ കുറെ ആളുകളുടെ പേർ എഴുതി അയക്കാൻ ആവശ്യപ്പെടുകയും, അദ്ദേഹം അപ്രകാരം ചെയ്യുകയും ചെയ്തു. പക്ഷെ, അതു സമയത്തിനു കിട്ടാതിരുന്നതുകൊണ്ടാണു് അതനുസരിച്ചു പ്രവർത്തിക്കാതിരുന്നതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതിനെ സംബന്ധിച്ചു ഗവണ്മെണ്ടു കല്പന പാസ്സാക്കുന്നതിനു ഫ ൦ ദിവസം മുമ്പാണു് ഞാൻ ലിസ്റ്റു അയച്ചതു് എന്നു ധൈര്യമായി പറയുന്നു.

Mr. President: Question time is over.

GENERAL HOSPITAL AT ERNAKULAM—SHIFTING OF—DELAY IN

52. മിസ്റ്റർ എം. ഒ. തോമാക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഫ്രഫ ഫ-ലെ ബഡ്ജറ്റുസെഷനിൽ പ്രസ്താവിച്ചിരുന്നതു പ്രകാരം എറണാകുളം ജനറൽ ആസ്പത്രി റാംമോഹൻ പാലസ്സിലേക്കു മാറ്റി സ്ഥാപിച്ചുവോ;

(ബി) ഇല്ലെങ്കിൽ ഇനിയും താമസിക്കുന്നതിന്റെ കാരണമെന്താണു്?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഇല്ല.

(ബി) ആസ്പത്രി റാംമോഹൻ പാലസ്സിലേക്കു മാറ്റുന്നതിനു വേണ്ടിവരുന്ന ചിലവിന്റെ കണക്കുകളും അതിനുള്ള മാർഗ്ഗങ്ങളും നോക്കിവരുന്നുണ്ടു്. കഴിയുന്നതും വേഗത്തിൽ മാറ്റി സ്ഥാപിക്കുന്നതാണു്.

ARTICLE IN "NAVALOKAM" DATED 23RD SEPTEMBER 1947

53. Mr. K. Balakrishna Menon *(Cheruthuruthi)*: Will Government be pleased to state.—

(*a*) if their attention has been drawn to the article "റവന്യൂ മന്ത്രിക്കു് എന്തുപറ്റി" published in the paper "നവലോകം" dated 23rd September 1947;

(*b*) if so, if the fact alleged therein is true?

Mr. C. R. Iyynni *(Minister for Food and Revenue)*:

(*a*) Yes.

(*b*) The article is spread over three columns and contains many statements. It is not known to which statement the member refers and so no answer can be given.

BATTA ALLOWANCE—PEONS OF NEMMARA VILLAGE COURT GOING TO NELLIAMPATHY

54. മിസ്റ്റർ കെ. നടരാജൻ ചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) നെമ്മാറ വില്ലേജ്കോടതിയിൽനിന്നും നെല്ലിയാംപതി മലയിൽ പോയി സമൻസ് നടത്തിവരുന്ന ശിപായിമാർക്കു ബത്ത കൊടുക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു്?

മിസ്റ്റർ പി. ഗോവിന്ദ മേനോൻ:

(എ) ഫൽഗുണ സെപ്തമ്പർ ഫൽ-ാംതു (ഫ്രഫ കന്നി മ-ാംതു) മുതൽ അതാതു വില്ലേജ്കോടതി പരിധിക്കുള്ളിൽ പ്രോസസ്സു നടത്തുവാൻ പോകുന്ന യാത്രക്കു ബത്ത കൊടുക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

(ബി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly